**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2015-ലെ പൊതുതെരഞ്ഞെടുപ്പ് - ആന്തൂർ ഒഴികെയുള്ള പുതിയതായി രൂപീകരിച്ച നഗരസഭകളിൽ ഭരണനിർവ്വഹണ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(കൈ) നം.332/2015/തസ്വഭവ തിരുവനന്തപുരം, തീയതി 31.10.2015.**

=====================================================================

പരാമർശം:- 1. 17.10.2015-ലെ സ.ഉ.(അച്ചടി) നം.323/2015/തസ്വഭവ നമ്പർ വിജ്ഞാപനം.
2. 20.10.2015-ലെ സ.ഉ.(അച്ചടി) നം.324/2015/തസ്വഭവ നമ്പർ വിജ്ഞാപനം.
3. 31.10.2015-ലെ സ.ഉ.(കൈ) നം.331/2015/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്..
4. നഗരകാര്യ ഡയറക്ടറുടെ 30.10.2015 തീയതിയിലെ എൽ-22922/2015 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭൂരിപക്ഷം ഭരണ സമിതിയുടെ കാലാവധി 2015 ഒക്ടോബർ 31-ാം തീയതി അവസാനിക്കുന്നതിനാൽ 2015-ലെ തിരഞ്ഞെടുപ്പിന് ശേഷം പുതിയ ഭരണ സമിതി രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും മുനിസിപ്പൽ കൗൺസിലുകളിലേക്കും ഭരണ നിർവ്വഹണത്തിനായി പരാമർശം (1) പ്രകാരവും ത്രിതലപഞ്ചായത്തുകളിൽ പുതിയ ഭരണ സമിതി രൂപീകരിക്കുന്നതുവരെയുള്ള കാലയളവിലേക്ക് പരാമർശം (2) പ്രകാരവും ഭരണ നിർവ്വഹണ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തുകളായിട്ടുള്ള പുതുതായി രൂപീകരിക്കുന്ന നഗരസഭകളിലെ ഭരണസമിതിയെക്കുറിച്ച് വിജ്ഞാപനത്തിൽ പരാമർശിക്കുന്നില്ല. ആയതിനാൽ 01.11.2015 മുതൽ നഗരസഭകളായി ഉയർത്തിയിട്ടുള്ള നിലവിലെ ഗ്രാമപഞ്ചായത്തുകളിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉൾക്കൊള്ളുന്ന ഭരണ നിർവ്വഹണ കമ്മിറ്റിയെ ആന്തൂർ ഒഴികെയുള്ള പുതുതായി രൂപീകരിക്കുന്ന നഗരസഭകളിൽ 01.11.2015 മുതൽ തിരഞ്ഞെടുക്കപ്പെടുന്ന പുതിയ ഭരണസമിതികൾ നിലവിൽ വരുന്നതു വരെയുള്ള കാലയളവ് വരെ ഭരണ നിർവ്വഹണത്തിനായി നിയമിച്ച് ഉത്തരവാകുന്നു.

1. ഗ്രാമപഞ്ചായത്ത് സെക്രട്ടറി
2. ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസർ (കൃഷി ഓഫീസർ ഇല്ലാത്തപക്ഷം എഞ്ചിനീയർ)
3. ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം നിയോഗിക്കപ്പെട്ടതും, മേൽ ഖണ്ഡികയിൽ നിർദ്ദേശിക്കപ്പെട്ടതുമായ എല്ലാ ഉദ്യോഗസ്ഥരും 31.10.2015 (AN)-ന് തന്നെ ഭരണനിർവ്വഹണസമിതിയുടെ ചാർജ്ജ് എടുക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, പി.ആർ.ഡി. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ